
# ബൈബിൾ സത്യം



# THE BIBLE TRUTH

# FIVE BAPTISMS OF THE NEW TESTAMENT

| | NATURE | PURPOSE | BY | SUBJECTS | ELEMENT | ACT | DURATION |
|---|---|---|---|---|---|---|---|
| JOHN'S | Commandment<br>Lk. 7:29,30 | To prepare for Messiah<br>Jn. 1:31 Lk. 3:3-6<br>Acts 19:4 | John<br>Mk. 1:5 | Penitent Jews<br>Mk. 1:4,5 | Water<br>Jn. 1:26 | Immersion<br>Mk. 1:10<br>Jn. 3:23 | Ceased before cross<br>Acts 19:3-5 |
| SUFFERING | Experience<br>Mk. 10:38,39 | 1. To bring salvation.<br>I Pet. 2:24<br>II Cor. 1:5,6<br>2. Resulting glory<br>Heb. 12:2<br>II Tim. 2:12 | Wicked Men<br>Acts 2:23<br>II Thess. 3:1,2 | 1. Jesus<br>Mk. 10:38<br>2. His followers<br>Mk. 10:39 | Suffering<br>Mk. 10:39 | Overwhelming<br>Matt. 27:46,50 | 1. On the cross<br>Matt. 27:50<br>2. Till Jesus returns<br>II Tim. 3:12 |
| HOLY SPIRIT | Promise<br>Acts 1:4,5 | 1. To empower for special work<br>Acts 1:8; Jn. 16:13<br>Jn. 14:26; II Cor. 12:12<br>2. To prove God's acceptance of Gentiles<br>Acts 11:15-18 | Christ<br>Matt. 3:11 | 1. Apostles<br>Acts 2:1-4<br>2. Cornelius' household<br>Acts 11:15,16 | Holy Spirit<br>Matt. 3:11 | Overpowering<br>Matt. 10:19,20<br>Acts 2:4 | Occurred but twice<br>Acts 2,10<br>Each a special case |
| FIRE | Warning<br>Mat. 3:11,12 | Punishment<br>Matt. 25:45,46 | Christ<br>Matt. 3:11 | Wicked<br>Matt. 3:10<br>II Thess. 1:7,8 | Fire<br>Matt. 3:11 | Overwhelming<br>Rev. 20:15 | Everlasting<br>Matt. 25:41 |
| GREAT COMMIS- | Commandment<br>Matt. 28:19 | Forgiveness<br>Acts 2:38 | Disciples<br>Matt. 28:19 | Penitent believers<br>Mk. 16:16 | Water<br>Acts 8:36-39 | Immersion<br>Rom. 6:3-5 | Till end<br>Matt. 28:19,20 |

# THE BIBLE TRUTH

Editors

P. K. VARGHESE J. C. CHOATE

000 000 000

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol· 13 July 1999 No. 4


## എഡിറ്റോറിയൽ

ഉപകാരപ്രദവും അല്ലാത്തതുമായ നിരവധി കാര്യങ്ങൾ പ്രവർത്തിക്കുന്നവരാണല്ലോ മനുഷ്യർ. പക്ഷെ ചില കാര്യങ്ങൾ വിവേചിക്കാതെ തന്നെ ചെയ്യുന്നു എന്നതു പരമാർത്ഥമാണ്. പൊതുവിൽ എല്ലാ രാജ്യങ്ങളിലും നടക്കുന്നവയാണ് ഞാൻ പറഞ്ഞവയെല്ലാം. ആബാലവൃദ്ധം ജനങ്ങളിലും ഇതു ദൃശ്യമാണ്. ഏതൊരാളുടേയും മനസ്സിനെയും ശരീരത്തെയും തന്റെ നിയന്ത്രണം കൂടാതെ ആകർഷിക്കപ്പെടുന്നുമുണ്ട്. ഭൗതികമായ ജീവിതത്തിൽ ഓരോരുത്തരും അവനവന്റെ താല്പര്യങ്ങളെ സംരക്ഷിക്കുവാൻ വെമ്പൽ കൊള്ളുകയാണ്. അങ്ങനെയുള്ള ജീവിതത്തിലാണ് ഉപകാരമില്ലാത്തതായ ചിന്തകളും തൽഫലമായി ഉണ്ടാകാനിടയുള്ള നഷ്ടവും സംഭവിക്കുന്നത്. വിഭിന്നങ്ങളായ ലക്ഷ്യങ്ങൾ എല്ലാ പ്രവൃത്തിയിലും ഉണ്ടായിരിക്കും. അനന്തരഫലം വ്യത്യസ്ഥമായെന്നു വരാം. അതവർക്കു പിന്നീടുള്ള കാര്യമാണ്. ലക്ഷ്യത്തിലെത്താൻ കഴിയാതെ പോകുമ്പോൾ നിരാശ സ്വാഭാവികമാണ്. മനുഷ്യനെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ പലതുണ്ട്. പുരാതന മനുഷ്യരും ആധുനിക മനുഷ്യരും തമ്മിലുള്ള അന്തരം വളരെയാണ്. ഇന്നു ലോകത്തിൽ ജീവിക്കുന്ന മനുഷ്യരുടെ പ്രവർത്തികൾ മൊത്തത്തിൽ അപഗ്രഥനം ചെയ്താൽ കിട്ടുന്നതു നഷ്ട ബോധത്തിന്റെ കണക്കുകളായിരിക്കും. ഏതു മേഖലയിലായാലും അതു വാസ്തവമാണ്.

ലോകത്തിൽ അംഗീകരിച്ചിട്ടുള്ളതും അല്ലാത്തതുമായ കളികൾ അനവധിയാണ്. രാജ്യങ്ങളുടെ പ്രതിനിധികളായി അതിൽ പങ്കെടുത്ത് മത്സരിക്കുന്നവരും അതിനെ പ്രോത്സാഹിപ്പിക്കുന്നവരും കണ്ട് ആസ്വദിക്കുന്നവരും ഉണ്ട്. ഇതിനെ വ്യാപാരവൽക്കരിക്കുന്നവരും ഉണ്ട്. ഇതെല്ലാം ഭ്രാന്തമായ ഒരു ആവേശമായി കരുതുന്ന വിമർശകർ ഉണ്ട്. എന്നാൽ ഇതിലുള്ള പ്രയോജനത്തേയും പ്രയോജനമില്ലായ്മയേയും തരംതിരിച്ച് കാണുകയാണ് ബുദ്ധി. വിനോദവും കളിയും എല്ലാം താല്ക്കാലികമായി മനസിനും ശരീരത്തിനും പ്രയോജനം ചെയ്യുന്നുണ്ട് എന്ന കാര്യം നാം മറക്കരുത്. അതേ സമയം അതു നിമിത്തം തന്റെ ഉത്തരവാദിത്വമുള്ള ജോലി ചെയ്യാതിരിക്കയോ വീഴ്ച്ച വരുത്തുകയോ ചെയ്താൽ അതു അയാളെ മാത്രമല്ല, മററു പലരേയും ബാധിക്കും എന്നോർക്കുക. കുട്ടികൾ അവരുടെ പഠനം വിട്ടു കളികളിലേക്കു തിരിഞ്ഞാൽ അവരുടെ ഭാവി ഇരുളടഞ്ഞതാകും. ശരിയായി ഉപയോഗിക്കുകയും തെററായി ഉപയോഗിക്കാതിരിക്കയും വേണം. അമിതമായ ആവേശം ഉപകാരമില്ലാത്ത കാര്യങ്ങളിൽ പ്രകടിപ്പിക്കരുത്. ക്രിയാത്മക കാര്യങ്ങളിൽ ഓരോരുത്തരുടേയും മികവ് തെളിയിക്കണം. ഗുണകരമായ ചിന്തയും തൽഫലമായുണ്ടാകുന്ന കർമ്മവും നമ്മെ പുരോഗതിയിലേക്കു നയിക്കും. അല്ലെങ്കിൽ പരാജയത്തിലേക്കായിരിക്കും നയിക്കുക.

പ്രയോജനമില്ലാതെ ചെയ്യുന്ന ആത്മിക പ്രവർത്തികളും അന്ധ വിശ്വാസങ്ങളും നിരവധിയാണ്. വിഗ്രഹങ്ങളെ വണങ്ങുക, പ്രദക്ഷിണം വയ്ക്കുക, കുരിശു വരക്കുക, ഫോട്ടോയുടെ മുമ്പിൽ വിളക്കു തെളിയിക്കുക, കുമ്പസാരിക്കുക, കുർബ്ബാന കാണുക, നിയമരഹിതമായ ആരാധനയിൽ പങ്കു ചേരുക, ദൈവം കല്പിച്ചിട്ടില്ലാത്തതും മനുഷ്യർ കണ്ടുപിടിച്ചിട്ടുള്ളവയുമായ ഇത്തരം ധാരാളം കാര്യങ്ങൾ ചെയ്യുന്നതു നിഷ്ഫലമത്രെ.

★

# സഭ ആരംഭിച്ചത് എപ്പോൾ ?

## J. C. ചോട്ട്

അനേക സഭകളും അതിനെല്ലാം സ്ഥാപനവും ആരംഭ സമയവും ഉണ്ട്. തങ്ങളുടെ സഭയാണ് ഏററവും പുരാതനമായതെന്നും അതു പതിനെട്ടാം നൂററാണ്ടിൽ ആരംഭിച്ചതാണെന്നും ചിലർ പൊങ്ങച്ചം പറയാറുണ്ട്. വേറെ ചിലർ, അവരുടെ സഭ തുടങ്ങിയിട്ട് അധികം കാലമായിട്ടില്ല എന്നു സമ്മതിക്കാറുണ്ട്. എന്നാൽ ഒരു സഭ എപ്പോൾ ആരംഭിച്ചു എന്നതിനു വല്ല പ്രത്യേകതയുമുണ്ടോ ? കർത്താവിൻെറ സഭയെ കുറിച്ചു പരിഗണിക്കാത്തവർക്കും കർത്താവിൻേറതല്ലാത്ത സഭയിൽ നിലനില്ക്കാൻ ആഗ്രഹിക്കുന്നവർക്കും ഇതിൽ വലിയ വ്യത്യാസം കാണാൻ കഴിയുകയില്ല. യേശുക്രിസ്തു പണിതതായ സഭയിൽ അംഗത്വം വേണമെന്ന് ആഗ്രഹിക്കുന്ന ഒരാൾ അതു തിരിച്ചറിയാൻ കണ്ടു പിടിക്കുന്ന ഏററവും നല്ല മാർഗ്ഗങ്ങളിൽ ഒന്നാണ് അതു എപ്പോൾ ആരംഭിച്ചു എന്നറിയുന്നത്. ആ ഒരു സമയം കണ്ടെത്താൻ കഴിഞ്ഞാൽ മററു സമയങ്ങളിൽ ആരംഭിച്ചവയെ വേർതിരിച്ച് കാണാൻ കഴിയും. കർത്താവിൻെറ സഭ ആരംഭിച്ചത് എപ്പോഴാണെന്നു അറിയാൻ കഴിയുമോ? കഴിയും എന്നാണ് ഉത്തരം. കാരണം ബൈബിളിൽ അതു വെളിപ്പെടുത്തിയിട്ടുണ്ട്. മുൻകൂട്ടി അയച്ചതനുസരിച്ചായിരുന്നു അതിൻെറ സ്ഥാപനം. അതിനുശേഷം ആരംഭിച്ചതായ സഭകൾ ഒന്നും കർത്താവിൻേറതല്ല എന്നും അവയിൽ അംഗങ്ങളാകേണ്ടതില്ല എന്നും നമുക്ക് ബോധ്യമാകുന്നതു ഈ സത്യം മനസിലാകുമ്പോഴാണ്.

ഈ ഭൂമിയിലായിരുന്നപ്പോൾ യേശു, തൻെറ സഭ പണിയുമെന്നു വാഗ്ദാനം ചെയ്തിരുന്നു. അതിൻെറ അർത്ഥം അപ്പോൾ വരെ സഭയുണ്ടായിരുന്നില്ല എന്നതാണ്. അതിനുശേഷം അവൻ പറഞ്ഞത്: മനുഷ്യ പുത്രൻ ത

ൻെറ രാജ്യത്തിൽ വരുന്നതു കാണുവോളം മരണം ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്നവരിൽ ഉണ്ട് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നാണ് (മത്തായി 16:28). ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്ന രാജ്യമാണ് സഭയെന്നു മററു വാക്യങ്ങരം പരിശോധിച്ചാൽ വ്യക്തമാകും. ദൈവ രാജ്യമാകുന്ന സഭയുടെ ആരംഭം അന്നു ജീവനോടെ ഇരിക്കുന്നവരുടെ കാലയളവിൽ തന്നെ വരേണം. കാരണം അതാണ് യേശു വാഗ്ദാനം ചെയ്തതു (മർക്കൊസ് 9:1). അതു ശക്തിയോടെ വരുമെന്നാണ് പറഞ്ഞിരിക്കുന്നത്. പരിശുദ്ധാത്മാവിൻെറ ശക്തിയാണ് അപ്പൊസ്തലന്മാർക്കു വർുവാനിരുന്നത്. കുറച്ചുകൂടെ കഴിഞ്ഞ് അതിൻെറ വിശദാംശങ്ങരം നമുക്ക് പരിശോധിക്കാം. ദൈവത്തിൻെറ അരുളപ്പാടനുസരിച്ചു സ്ഥാപിതമായതാണ് കർത്താവിൻെറ സഭ എന്നകാര്യം നാം വിസ്മരിക്കരുത്.

ലൂക്കൊസിൻെറ സുവിശേഷം ഇരുപത്തിനാലാം അദ്ധ്യായം വായിച്ചാൽ, യേശുവിൻെറ മരണം, അടക്കം, ഉയിർപ്പ് എന്നിവയ്ക്കുശേഷം അവൻ ശിഷ്യന്മാരോടു കല്പിച്ചതു ഉയരത്തിൽ നിന്നു ശക്തി ലഭിക്കുന്നതുവരെ നഗരത്തിൽ പാർപ്പിൻ എന്നായിരുന്നു (ലൂക്കൊസ് 24:49). യേശു പിതാവിൻെറ അടുക്കലേക്കു സ്വർഗ്ഗാരോഹണം ചെയ്തു പോകുന്നതിനു മുൻപ് അപ്പൊസ്തലന്മാരോടു കല്പിച്ചതു: യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു. നിങ്ങരക്കോ ഇനി ഏറെ നാരം കഴിയും മുമ്പെ പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിക്കും എന്നായിരുന്നു (പ്രവൃത്തി 1:5). എന്നാൽ പരിശുദ്ധാത്മാവ് അവരുടെ മേൽ വരികയും അവർ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അററത്തോളവും കർത്താവിൻെറ സാക്ഷികരം ആയി തീരുകയും ചെയ്തു.

അപ്പൊസ്തലപ്രവർത്തി രണ്ടാം അദ്ധ്യായം ആദ്യ

ത്തെ ചില വാക്യങ്ങൾ നോക്കിയാൽ മുകളിൽ പറഞ്ഞ വാഗ്ദാന നിറവേറൽ നടന്നതായി മനസിലാക്കാം. യേശുവിന്റെ ഉയിർത്തെഴുന്നേല്പിനു ശേഷമുള്ള ആദ്യത്തെ പെന്തെക്കൊസ്തു പെരുന്നാൾ ആഘോഷിക്കുവാൻ അപ്പൊസ്തലന്മാർ യെരുശലേമിൽ കൂടിയിരിക്കയായിരുന്നു. അന്നു ആകാശത്തിൻ കീഴുള്ള യെഹൂദന്മാരായ സ്ത്രീ പുരുഷന്മാർ അവിടെ വന്നിരുന്നു. ഈ സമയത്തായിരുന്നു അപ്പൊസ്തലന്മാരെ പരിശുദ്ധാത്മാവിനാൽ സ്നാനം കഴിപ്പിച്ചത്. ആ ശക്തിയാൽ അവർ അവരുടെ ഭാഷകളിൽ ജനത്തോടു പ്രസംഗിക്കാൻ തുടങ്ങി. യേശുക്രിസ്തുവിനെയായിരുന്നു അവർ പ്രസംഗിച്ചത്. പ്രവചനങ്ങൾ എങ്ങനെ നിറവേറി എന്നതു അവർ തെളിയിച്ചുകൊടുത്തു. ഇതു കേട്ടു അസംഖ്യം പേർ വിശ്വസിച്ചു. തൽഫലമായി അവർ എന്താണ് ചെയ്യേണ്ടതെന്നു അപ്പൊസ്തലന്മാരോടു ചോദിച്ചു. അതിന്നു അവർ ജനത്തോടു മാനസാന്തരപ്പെട്ടു പാപമോചനത്തിനായി യേശുവിന്റെ നാമത്തിൽ സ്നാനമേല്പാൻ ആവശ്യപ്പെട്ടു. അവരുടെ വാക്കുകൾ സന്തോഷത്തോടെ കൈക്കൊണ്ടവർ സ്നാനമേറ്റു. ആ ദിവസം മൂവായിരം പേർ അവരോടു ചേർന്നു. അതായതു രക്ഷയ്ക്കായി ദൈവം കല്പിച്ച കല്പനകൾ അവർ അനുസരിച്ചു എന്നു സാരം. അങ്ങനെ രക്ഷിക്കപ്പെടുന്നവരെ കർത്താവു സഭയോടു ചേർത്തു വരുന്നു. കർത്താവിന്റെ അരുളപ്പാടുകൾ ആണ് പാപ പരിഹാരത്തിനായി നാം അനുസരിക്കേണ്ടതു എന്നു തെളിഞ്ഞു. ക്രിസ്തു തന്റെ ശരീരമാകുന്ന സഭ പണിയുവാൻ മൂന്നു നാൾ എടുത്തു. അവന്റെ രാജ്യം സ്ഥാപിക്കപ്പെട്ടു എന്നതു ഈ സന്ദർഭം വ്യക്തമാക്കുന്നു (പ്രവൃത്തി 2:38, 47).

പ്രവൃത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിലെ സംഭവത്തിനുശേഷം സഭ നിലവിൽ വന്നതായും തുടർന്നു നിലനില്ക്കുന്നതായും അപ്പൊസ്തല പ്രവൃത്തികൾ വായിച്ചാൽ ഗ്രഹിക്കാം. പുതിയ നിയമ സഭയുടെ സ്വ

ഭാവവും പ്രവർത്തന രീതിയും വിശദമാക്കിയിരിക്കുന്നതു പിന്നീടാണ്. ഇതിൽ നിന്നും നമുക്ക് ഉറപ്പിക്കാവുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലൊ. കർത്താവിന്റെ സഭ ആരംഭിച്ചത് യെരുശലേമിൽ ആയിരുന്നു. അതു അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവ് വന്നപ്പോഴായിരുന്നു. ദൈവത്തിന്റെ വൻ കാര്യങ്ങളെ അപ്പൊസ്തലന്മാർ പ്രസ്താവിച്ചതു കേട്ടവരുടെ പ്രതികരണം എന്തായിരുന്നു ? അവർ കർത്താവിന്റെ കല്പനകൾ അനുസരിക്കുകയാണ് ചെയ്തതു. അന്നു മൂവായിരം പേർ കർത്താവിനെ അനുസരിച്ചു. അന്നു മുതൽ രക്ഷിക്കപ്പെട്ടവരെ കർത്താവു സഭയോടു ചേർത്തു വരുന്നു. ഈ സംഭവം നടന്നതായ കാലയളവ് ഉദ്ദേശം എ. ഡി. 33 ആയിരുന്നു എന്നു കാണാം. കർത്താവ് അരുളിച്ചെയ്ത രീതിയിൽ സ്ഥാപിക്കപ്പെട്ട സഭ ഒന്നു മാത്രമാണ്. അതിന്റെ ആവിർഭാവകാലവും വ്യക്തമാണ്. ഇതിനുശേഷം ആരംഭിച്ച സഭകൾ ഏതു തന്നെയായാലും അതു കർത്താവിന്റേതല്ല എന്നു സാരം. ബൈബിളിലെ സഭയെ തിരിച്ചറിയാൻ ഒരു പ്രയാസവുമില്ല. ധാരാളം അടയാളങ്ങൾ കർത്താവിന്റെ സഭയ്ക്കുണ്ട്.

നിങ്ങൾ കർത്താവിന്റെ സഭയിൽ അംഗമായി തീർന്നിട്ടുണ്ടോ ? കർത്താവിന്നു ഏക സഭ മാത്രമാണുള്ളത്. കർത്താവിന്റെ സഭ എന്നാൽ നാമധേയ വിഭാഗങ്ങൾ ഒന്നുമല്ല എന്നോർക്കണം. കർത്താവിന്റെ സഭ പണിതതും ആരംഭിച്ചതും കർത്താവു തന്നെ. സഭയ്ക്കു വേണ്ടി മരിച്ചു രക്തം കൊടുത്തു വിലയ്ക്കു വാങ്ങിയതാണ് ആ സഭ. ക്രിസ്തുവിന്റെ പേരാണ് ആ സഭ ധരിച്ചിരിക്കേണ്ടത്. ആ സഭയുടെ രക്ഷിതാവാണ് കർത്താവ്. കർത്താവു വീണ്ടും വരുന്നത് ആ സഭയ്ക്കു വേണ്ടിയാണ്. ആ സഭയാകുന്ന രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കുവാൻ ആണ്.

★

# ഒരു സഭ മറ്റേതുപോലെ നല്ലതോ?

**ഡാൽട്ടൺ കീ**

സഭയെന്ന വിഷയത്തെ സമൂഹത്തിൽ തെററിദ്ധരിപ്പിച്ചിരിക്കയാണ്. ബൈബിൾ പരിജ്ഞാനമില്ലാത്തവർക്കാണ് തെററിദ്ധാരണകൾ ഉള്ളത്. സഭ വാസ്തവത്തിൽ എന്താണെന്നും അതിൻെറ മാഹാത്മ്യം മനസിലാക്കാത്തവരും നിരവധിയാണ്. ക്രൂശിലെ തൻെറ മരണത്തിനു മുൻപ് യേശു വാഗ്ദാനം ചെയ്തതായിരുന്നു സഭ. ഈ പാറമേൽ ഞാൻ എൻെറ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നും അവൻ പറഞ്ഞു (മത്തായി 16:18-19). സഭ പണിയൽ, സ്ഥാപിക്കൽ എന്നൊക്കെ പറഞ്ഞാൽ അതിൻെറ അർത്ഥമെന്താണ്? അന്ധകാരത്തിൽ നിന്നു അഥവാ പാപത്തിൽ നിന്നും സുവിശേഷത്താൽ വിളിച്ച് വേർതിരിച്ച് പ്രകാശിതരാക്കി തീർക്കുക എന്നതാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. ഈ ഒരു വ്യവസ്ഥിതി സ്ഥാപിച്ചെടുക്കാൻ യേശു മരിക്കേണ്ടി വന്നു. ഇതു പൂർത്തീകരിക്കാൻ അദ്ധ്വാനിച്ചത് ക്രിസ്തുവായിരുന്നു. സഭ എന്ന വിശുദ്ധ സ്ഥാപനത്തിൻെറ ഉടമസ്ഥനും കർത്താവുമാണ് അവൻ. ദൈവത്തിൻെറ മുൻനിർണ്ണയ പദ്ധതി പ്രകാരമായിരുന്നു അത്. ദൈവനീതി അനുഭവിക്കാൻ മനുഷ്യനു ഒരു നിലപ്പിൻെറ വഴി ലഭിച്ചു.

ഇന്നു ലോകത്തിലെങ്ങും എണ്ണമററ സമുദായങ്ങൾ നിലവിലുണ്ട്. ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചിരിക്കുന്ന നാമധേയ വിഭാഗങ്ങൾ വർദ്ധിച്ചു വരികയാണ്. കർത്താവിനു ഒരു നാമധേയ വിഭാഗം സ്ഥാപിക്കുവാൻ പദ്ധതിയുണ്ടായിരുന്നോ ? ഇല്ല. പേരിൽ വിഭജിക്കപ്പെട്ട സംഘം എന്നു നാമധേയ വിഭാഗത്തെ നമുക്കു നിർവ്വചിക്കാം. വലിയൊരു സമൂഹത്തിൽ നിന്നു പിരിഞ്ഞ ഒരു കൂട്ടം എന്നു പറയാം. ഭൂരിഭാഗം വിഭാഗങ്ങളും ക്രിസ്

തുവിനോടു വിധേയത്വം കാണിക്കുന്നു എന്നു അവകാശപ്പെടുന്നവരാണ്. സാർവ്വ ലൗകിക ക്രിസ്ത്യാനിത്വത്തിന്റെ ഭാഗമാണവർ എന്നാണവരുടെ നിഗമനം. പൊതുവിൽ ആളുകൾ ധരിച്ചു വച്ചിരിക്കുന്നതു അങ്ങനെയാണ്. ഉദ്ദേശം ചില കാര്യങ്ങളിൽ ഐകരൂപ്യം ഉണ്ടെങ്കിലും അധികം കാര്യങ്ങളും വിഭിന്നമാണ്. അവരുടെ ഉപദേശവും വിശ്വാസ രീതിയും, പരിശീലനവും ആരാധനാരീതികളും വ്യത്യസ്തമാണ്. വസ്തു നിഷ്ഠമായി പരിശോധിക്കുന്ന ഏതൊരാൾക്കും ആ വ്യത്യാസം തിരിച്ചറിയാം. വൈരുദ്ധ്യങ്ങളെ നിലനിർത്തിക്കൊണ്ട് ആളുകൾ അവയിൽ തന്നെ അവരുടെ ജീവിതം തുടരുകയാണ്. അവയിൽ അലിഞ്ഞു ചേർന്നിരിക്കുന്ന ആളുകൾ പാരമ്പര്യമനുസരിച്ച് അങ്ങനെ പൊയ്ക്കൊണ്ടിരിക്കുന്നു. ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സത്യം ആളുകൾ മനസിലാക്കി അതനുസരിച്ച് ജീവിതം നയിക്കണം. അതാണ് ദൈവേഷ്ടം.

താൻ തന്റെ സഭയെ പണിയുമെന്നു വാഗ്ദാനം ചെയ്ത യേശുക്രിസ്തുവിന്റെ മനസിൽ ഒരു നാമധേയ വിഭാഗം ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. തന്റെ വചനമാകുന്ന ഉപദേശം ഹൃദയ പൂർവ്വം അനുസരിക്കുന്നവരെ രക്ഷിക്കയും സഭയോടു ചേർക്കുകയും ആണ് അവൻ ചെയ്യുന്നത്. വീണ്ടെടുപ്പിന് മറ്റൊരു പദ്ധതിയോ വേറൊരു ഉപദേശമോ ഇല്ല. സഭയിൽ ഒരേ ഒരു ഉപദേശം കേൾക്കുമ്പോൾ ആളുകൾ വിശ്വസിക്കുന്ന വിശ്വാസം ഒന്നായിരിക്കും. അവരുടെ അനുസരണവും ഒന്നു തന്നെയായിരിക്കും. പല കേൾവി പല വിശ്വാസത്തിലേക്കും പല അനുസരണത്തിലേക്കും നയിക്കും. പെന്തെക്കൊസ്തു നാളിൽ പത്രൊസ്, ക്രിസ്തുവിന്റെ സുവിശേഷം ജനങ്ങളോടു പ്രസംഗിച്ചു.

(ശേഷം അടുത്ത ലക്കത്തിൽ)

★

# ലോകം ഉണ്ടാകുന്നതിനു മുൻപ്

ജെയിസൺ റോബർട്ട്സ്

മറഞ്ഞിരിക്കുന്ന കാര്യങ്ങൾ യഹോവയ്ക്കുള്ളതത്രേ. വെളിപ്പെടുത്തിയിരിക്കുന്നവയോ നമുക്കും നമ്മുടെ മക്കൾക്കും എന്നേക്കും പ്രമാണിക്കേണ്ട ചട്ടങ്ങളും കല്പനകളുമത്രേ. ഈ ലോകജീവിതത്തിൽ മനുഷ്യ ജീവിതം ഭദ്രമാകണമെന്ന ഉദ്ദേശത്തോടെ രൂപപ്പെടുത്തിയ പ്രമാണങ്ങൾ ദൈവത്തിന്റേത്. തന്റെ വിലയേറിയ സന്താനങ്ങളെ കുറിച്ച് സർവ്വ ശക്തനു അതീവമായ താല്പര്യമാണുള്ളത് അതനുഭവിക്കുവാൻ ദൈവ മക്കളായി തീരുന്നവർക്കു അവകാശവുമുണ്ട് (പ്രവൃത്തി 17:28). ദൈവേഷ്ടം മനുഷ്യനു വെളിപ്പെടുത്തിതന്നിരിക്കുന്നതുകൊണ്ടു നാം ദൈവത്തോടു നന്ദിയുള്ളവരായിരിക്കണം. ദൈവത്തിന്റെ വിചാരങ്ങളും വഴികളും മററുള്ളവയിൽ നിന്നും വിഭിന്നമാണ്. ദൈവം അരുളിച്ചെയ്തതു: എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളല്ല; നിങ്ങളുടെ വിചാരങ്ങൾ എന്റെ വിചാരങ്ങളുമല്ല: ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു എന്നത്രേ (യെശയ്യാവ് 55:8-9). ദൈവ മനസിൽ രഹസ്യവും മറഞ്ഞിരിക്കുന്നവയുമായ കാര്യങ്ങൾ ഉണ്ടെങ്കിലും നമ്മുടെ ജീവനും ഭക്തിക്കും അന്തിമവും നിത്യവുമായ ലക്ഷ്യ സ്ഥാനത്തിനും ആവശ്യമായവ വെളിപ്പെടുത്തിയിരിക്കുന്നു.

ദൈവശാസ്ത്രീയനായിരുന്ന അപ്പൊസ്തലനായ പൌലൊസ് തന്റെ ഒരു ലേഖനത്തിൽ ആമുഖമായി പറയുന്നതു: ദൈവം സകല കാലത്തിനും മുമ്പെ വാഗ്ദത്തം ചെയ്ത നിത്യജീവന്റെ പ്രത്യാശ ഹേതുവായി തന്റെ വൃതന്മാരുടെ വിശ്വാസത്തിനും ഭക്തിക്കനുസാരമായ സത്യത്തിന്റെ പരിജ്ഞാനത്തിനുമായി ദൈവത്തിന്റെ ദാസനും

യേശുക്രിസ്തുവിൻെറ അപ്പൊസ്തലനുമായ പൌലൊസ് പൊതു വിശ്വാസത്തിൽ നിജ പുത്രനായ തീത്തൊസിനു എഴുതുന്നതു എന്നായിരുന്നു (തീത്തൊസ് 1:2-3). ഈ ലോകത്തിനു അടിസ്ഥാനം ഇടുന്നതിനു മുൻപു തന്നെ ദൈവം ഇതു മുന്നൊരുക്കിയിരുന്നു. അതായതു ദൈവത്തിൻെറ മനസിലെ മുൻ നിർണ്ണയമായിരുന്നു ഇതെന്നു സാരം.

ബലഹീനരും പാപികളുമായ മനുഷ്യർക്കാണ് ദൈവം നിത്യജീവൻ കൊടുക്കുമെന്ന വാഗ്ദാനം മുന്നൊരുക്കുന്നതു. ഈ മനോഹരമായ ലോകം തൻെറ വചനത്താൽ ഉണ്ടാകട്ടെ എന്നു അവൻ കല്പിക്കുന്നതിനു മുൻപായിരുന്നു അത് (ഉല്പത്തി 1:1). ദൈവം മനുഷ്യരെ പോലെയല്ല; അവൻ ഭോഷ്ക്കു പറയുകയില്ല. ദൈവം സത്യവാനാണ്. നിത്യജീവൻെറ പ്രത്യാശ എന്ന വാഗ്ദാനം ചെയ്ത ദൈവം വിശ്വസ്ഥൻ തന്നെ. എബ്രായ ലേഖകൻ വിവരിക്കുന്നതു: അങ്ങനെ നമ്മുടെ മുമ്പിൽ വെച്ചിട്ടുള്ള പ്രത്യാശ പിടിച്ചുകൊൾവാൻ ശരണത്തിനായി ഓടിവന്ന നാം മാററി പോകാത്തതും ദൈവത്തിനു ഭോഷ്ക്കു പറയാൻ കഴിയാത്തതുമായ രണ്ടു കാര്യങ്ങളാൽ ശക്തിയുള്ള പ്രബോധനം പ്രാപിപ്പാൻ ഇടവരുന്നു എന്നാണ് (എബ്രായർ 6:18). സങ്കീർത്തനക്കാരൻ പറഞ്ഞതുപോലെ യഹോവയുടെ സാക്ഷ്യം സത്യമാകുന്നു; അതു തീർച്ചയുള്ളതാകുന്നു. ആ സാക്ഷ്യങ്ങൾ എത്രയും സത്യമുള്ളവയാണ്. വെളിപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ എല്ലാം വളരെ ശരിയാണ്.

ജീവനെ ശിക്ഷിക്കുന്നതിനു മുൻപ് തന്നെ ദൈവം ജീവൻെറ വാഗ്ദാനം ചെയ്തിരിക്കുന്നു എന്നു ഈ സാക്ഷ്യം വെളിപ്പെടുത്തുന്നു. എല്ലാ മനുഷ്യർക്കുമായിട്ടാണ് ഇതു പ്രഖ്യാപിച്ചിരിക്കുന്നതു. ആരെയും ഒഴിവാക്കിയിട്ടില്ല. സകല ദേശക്കാർക്കും ഭാഷക്കാർക്കും ജാതിക്കാർക്കുമായി

ഒരുക്കിയിരിക്കുന്ന വാഗ്ദാനത്തിനു മുഖ്യമായി മൂന്നു സ്വഭാവ വിശേഷതകൾ എടുത്തു പറയുവാനുണ്ട്. വളരെ ശ്രദ്ധിച്ചു മനസിലാക്കേണ്ടവയാണിവ.

കർത്താവിങ്കലേക്കു വരുന്നവർക്കു ശ്രീക്ഷേക്കു മുമ്പായി വാഗ്ദാനം ചെയ്തിരിക്കുന്നതാണ് ഈ മഹത്തായ വാഗ്ദാനം. അതാണ് ആദ്യമായി നാം കാണുന്നത്. യേശുക്രിസ്തുവിന്റെ ഭൗമിക ശുശ്രൂഷയിൽ അവൻ ''വരുവിൻ'' എന്നു പറഞ്ഞു (യോഹന്നാൻ 1:39). പാപഭാരം കൊണ്ടു ക്ഷീണിതരായിരിക്കുന്നവരോടു കർത്താവു പറഞ്ഞത്: അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏററുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു (മത്തായി 11:28-29). യേശുവിന്റെ ഈ ക്ഷണവും വാഗ്ദാനവും എത്ര ഉന്നതമായതെന്നു നാം അതു സ്വീകരിക്കുമ്പോൾ മാത്രമെ അനുഭവപ്പെടുകയുള്ളു

മനുഷ്യ വർഗ്ഗത്തിന്റെ രക്ഷക്കായിട്ടാണ് ദൈവം തന്റെ പദ്ധതി ആരംഭിച്ചത്. ദൈവാത്മാവും മണവാട്ടിയാകുന്ന സഭയും ആളുകളെ ക്ഷണിക്കയാണ് ചെയ്യുന്നത്. വെളിപ്പാടു പുസ്തകത്തിലെ വിവരണം വായിക്കാം. വരിക എന്നു ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും വരിക എന്നു പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ (വെളിപ്പാട് 22:17). ദൈവത്തിൽ നിന്നു ലഭിക്കുന്ന രക്ഷ സൗജന്യമാണ്. പക്ഷെ അതു സ്വീകരിക്കുവാൻ ഓരോരുത്തരും തയ്യാറാകണം.

കർത്താവിനെ ഏററുപറയുന്നവർക്കാണ് ഈ വാഗ്ദാ

നം ആരംഭം മുതൽ വെച്ചിരിക്കുന്നത്. ഈ ഭൂമിയിലായിരുന്നപ്പോൾ യേശു പ്രസ്താവിച്ചത്: മനുഷ്യരുടെ മുമ്പിൽ എന്നെ ഏററു പറയുന്ന ഏവനേയും സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൻെറ മുമ്പിൽ ഞാനും ഏററുപറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എൻെറ പിതാവിൻെറ മുമ്പിൽ ഞാനും തള്ളിപ്പറയും (മത്തായി 10:32-33). ഇതു ഒരിക്കൽ മാത്രം രക്ഷക്കായി ഏററു പറയേണ്ട ഒന്നല്ല; പിന്നെയോ ദൈനന്തിന ജീവിതത്തിൽ എന്നും ഏററു പറയേണ്ടതാണ്. നാം ആരോടെല്ലാം സംസാരിക്കുന്നുവോ അവരോടെല്ലാം അവനെ ഏററു പറയണം അവനിലുള്ള നമ്മുടെ വിശ്വാസം ആളുകൾ തിരിച്ചറിയുന്നത് അങ്ങനെയാണ്. ഏതൊരാളുടേയും രക്ഷക്കു ബന്ധപ്പെട്ടു കിടക്കുന്ന ഒന്നാണ് വിശ്വാസത്തെ ഏററു പറയുന്നത്. ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കയും വായ്കൊണ്ടു രക്ഷയ്ക്കായി ഏററു പറയുകയും വേണം (റോമർ 10:9-10). എല്ലാവരും ക്രിസ്തുവിനെ ഏററു പറയണം. ഇപ്പോൾ അല്ലെങ്കിൽ മറെറാരിക്കൽ പറയേണ്ടി വരും. ''അതുകൊണ്ടു ദൈവം അവനെ ഏററവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി. അങ്ങനെ യേശുവിൻെറ നാമത്തിങ്കൽ സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും ''യേശുക്രിസ്തു കർത്താവ്'' എന്നു പിതാവായ ദൈവത്തിൻെറ മഹത്വത്തിനായി ഏററു പറയുകയും ചെയ്യേണ്ടിവരും (ഫിലിപ്പിയർ 2:10-11).

മൂന്നാമതായി ഈ വാഗ്ദാനം ക്രിസ്തുവിനുവേണ്ടി നിലകൊള്ളുന്ന ഏവർക്കുമുള്ളതാണ്. ക്രിസ്തുവിനെ കുറിച്ചു ലജ്ജിക്കുക എന്നതും അവനു വേണ്ടി നിലകൊള്ളുക എന്നതും തമ്മിൽ വളരെ അന്തരമുണ്ട്. ഇന്നത്തെ തലമുറ എങ്ങനെയുണ്ട്? ദൈവിക സത്യം നിറഞ്ഞു നില്ക്കുന്ന പ്രസംഗങ്ങളാണോ അവർക്കു കേൾക്കുവാൻ താല്പര്യം ?

★

സ്ത്രീകൾക്കു വേണ്ടി

# നിങ്ങൾ നഷ്ടപ്പെട്ടവനാണ്

ബെറ്റി ബർട്ടൻ ചോട്ട്

ഉറക്കം പിടിച്ച തിമൊഥിയെ പിടിച്ചുകൊണ്ട് റേച്ചൽ ഇരുന്നു. രാവിലെ മുതൽ കളിച്ച് ക്ഷീണമായിരുന്നു അവന്. അതുകൊണ്ട് അവളുടെ മടിയിൽ കിടന്നു അവൻ ഉറക്കം പിടിച്ചു. നല്ലൊരു മകനെ ലഭിച്ചതിൽ അവൾ ദൈവത്തിനു നന്ദിയുള്ളവളായിരുന്നു. അവൻ വളർന്നു വന്നപ്പോൾ ബലമുള്ള ആരോഗ്യമുള്ള ബാലനായി തനിക്കു ചുറ്റുമുള്ള കാര്യങ്ങളെ വീക്ഷിക്കുന്ന ശ്രദ്ധാലുവായി തീർന്നു അവൻ. അവന്റെ തലയിലെ മുടി തടവിക്കൊണ്ടു അവൾ ചോദിച്ചു, നീ ആരായി തീരും ? മററുള്ളവരിൽ നിന്നും നീ വേർ തിരിവുള്ളവനായി എങ്ങനെ ആകും ? ഞങ്ങൾ നിന്നെ ഏതു വിധത്തിൽ സഹായിക്കും ? അവൾ തന്നെ അതിനുത്തരം കണ്ടെത്തി, ദൈവ വഴിയിൽ, ദൈവത്തിനു പ്രാധാന്യം കൊടുക്കുന്ന ഒരു ജീവിതത്തിനായി നിന്നെ ഉയർത്തും.

അവൾ ഇങ്ങനെ ചിന്തിച്ചപ്പോഴേക്കും ആൻഡ്രു വാതിൽക്കൽ വന്നു. തിമൊഥിയെ കിടക്കയിൽ കിടത്തിയിട്ടു അവൾ ചോദിച്ചു, ''ഇതെന്താ ഇത്ര നേരത്തെ ? എന്തെങ്കിലും കുഴപ്പം ? ആൻഡ്രു പറഞ്ഞു: കുഴപ്പമൊന്നും ഇല്ല, ബൈബിൾ പഠനത്തെക്കുറിച്ച് ചിന്തിച്ചപ്പോൾ പെട്ടെന്ന് ഒരാശയം കടന്നു വന്നു. നമ്മൾ പഠിച്ചതും മനസിലാക്കിയതും അനുസരിച്ച് ആദ്യ ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടു സഭയോടു ചേർക്കപ്പെട്ടതുപോലെ ഞാൻ ആയില്ലല്ലൊ എന്ന തോന്നൽ എന്നിൽ വന്നു. രക്ഷിക്കപ്പെടാത്ത ഞാൻ നഷ്ടപ്പെട്ടവനാണ്. ഞാൻ എന്നെ നോക്കുമ്പോൾ നല്ലൊരു വ്യക്തിയാണ്, രാജ്യത്തിന്റെ നിയമ

ങ്ങൾ എല്ലാം അനുസരിക്കുന്നുണ്ട്. നല്ലൊരു ഭർത്താവാണ്. പക്ഷെ ദൈവ നിയമം അനുസരിക്കാതിരുന്ന ഞാൻ നഷ്ടപ്പെട്ടവൻ തന്നെയാണ്. ഇന്നു ഞാൻ ഇങ്ങനെ മരിച്ചാൽ എന്റെ ആത്മാവിനു നിത്യ നാശമായിരിക്കും ഫലം. ക്രിസ്തുവിനെ ഞാൻ സ്നേഹിക്കുന്നു എന്നു പറഞ്ഞതുകൊണ്ടു മാത്രമായില്ലല്ലൊ എന്നു പറഞ്ഞു.

ആ നഷ്ടത്തെ കുറിച്ചു കേട്ടപ്പോൾ റേച്ചലിന്റെ കണ്ണു നിറഞ്ഞു. നാം ഈ കാര്യങ്ങൾ എല്ലാം ബൈബിളിൽ നിന്നു വായിച്ചു മനസിലാക്കി. പക്ഷെ അതനുസരിക്കേണ്ട അത്യന്താവശ്യകത ബോധ്യമായില്ല. പാപക്ഷമാപണത്തിനായി നാം കർത്താവിനെ അനുസരിച്ചാൽ നാം അവന്റെ ഭവനത്തിലേക്കു ജനിക്കപ്പെടും. "എനിക്ക് അറിഞ്ഞു കൂടാ നാം എങ്ങനെ സ്നാനപ്പെടും" ആൻഡ്രൂ ചോദിച്ചു. പുതിയ നിയമത്തിൽ നാം വായിക്കുന്നതു പോലെ ആരും പഠിപ്പിക്കുന്നില്ല. അപ്പോൾ പിന്നെ ആർക്കു നമ്മെ സ്നാനപ്പെടുത്താൻ കഴിയും".

അവർ രണ്ടു പേരും കുറെ നേരം മൗനമായിരുന്നു ബൈബിൾ വായിക്കാൻ തുടങ്ങി. അപ്പോഴാണു പ്രവർത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ വായിച്ചതു, "നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ, എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (പ്രവൃത്തി 2:38). അപ്പോൾ റേച്ചലും മറെറാരു വേദഭാഗം വായിച്ചതു എടുത്തു കാണിച്ചു. "ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ (മത്തായി 28:19).

റോമാ ലേഖനത്തിൽ വായിച്ചതും. അപ്പോൾ ഓർമ്മ വന്നു. ക്രിസ്തുവിൻെറ മരണത്തിലും അടക്കത്തിലും ഉയിർത്തെഴുന്നേല്പിലും പങ്കാളിയാകുന്നതിനുള്ള സ്നാനം അടക്കമൊണെന്നു വ്യക്തമായി. ജീവൻെറ പുതുക്കത്തിൽ നടക്കേണ്ടതിനുള്ള സ്നാനത്തിൻെറ പ്രത്യേകത എങ്ങനെ നീട്ടി വെക്കാനാകും എന്നതാണ് പ്രശ്നം. എന്തെല്ലാം ചെയ്യണമെന്ന് അവർ ഒരു പേപ്പറിൽ എഴുതാൻ തുടങ്ങി. ആദ്യമായി വചനം കേട്ടു ക്രിസ്തുവിൽ വിശ്വസിക്കുക: പിന്നെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുക. അതിനുശേഷം സ്നാനപ്പെടണം. ഇത്രയുമായപ്പോൾ റേച്ചലിനു മറെറാരു കാര്യം ഓർമ്മ വന്നു. അതു ക്രിസ്തുവിനെ ഏററു പറയണം എന്നതായിരുന്നു. ഫിലിപ്പൊസ് ഷണ്ഡനോടു പ്രസംഗിച്ചതും അവൻ സ്നാനം ഏല്ക്കുവാൻ മനസു കാണിച്ചപ്പോൾ ഫിലിപ്പൊസ് പറഞ്ഞതും അവൻ ഏററു പറഞ്ഞതും അവർ വായിച്ചു (പ്രവൃത്തി 8:36-39).

ബൈബിളിൽ നിന്നും പഠിച്ച ഇവർ അതനുസരിക്കുവാൻ എങ്ങനെ കഴിയും എന്നോർത്തു. അവസാനം അവർ അടുത്തുള്ള ഒരുപദേഷ്ടാവിനെ സമീപിച്ച് അവരെ സ്നാനപ്പെടുത്തുവാൻ ആവശ്യപ്പെട്ടു. അവർ സ്നാനം ഏററു. അന്നു മുതൽ അവർ കർത്താവിൻെറ സഭയിൽ അംഗങ്ങളായി തീർന്നു. അവർ മുൻപു ലഭിച്ച സന്തോഷ ദിനങ്ങൾ എല്ലാം അവർ ഓർത്തു. പക്ഷെ അതിനേക്കാൾ ഏററവും അധികം സന്തോഷം നല്കിയ ദിവസം ആയിരുന്നു അത്. ഇതൊരു ആരംഭം മാത്രമെ ആകുന്നുള്ളൂ. ഇനി അങ്ങോട്ടുള്ള നമ്മുടെ ജീവിതം വചന പ്രകാരം ആയിരിക്കണം എന്നു രണ്ടുപേരും തീരുമാനിച്ചു.

നാം അറിഞ്ഞ ബൈബിളിലെ ഈ സത്യം നമ്മുടെ കുടുംബാംഗങ്ങളെയും സ്നേഹിതരേയും ബന്ധുക്കളേയും അറിയിക്കണ്ടേ ? റേച്ചലിനു സംശയമായി. ഉടനെ ആൻഡ്രു, യേശുവിൻെറ കല്പനയെ ഓർത്തു. ലോകത്തിൽ

എല്ലായിടത്തും പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ''. അതുകൊണ്ടു നാം വിശ്വസിച്ചതും തീർച്ചയാക്കിയതുമായ യഥാർത്ഥ്യം നാം എല്ലാവരോടും പറയണം. അതിൽ യാതൊരു വിട്ടുവീഴ്ച്ചയും പാടില്ല. പക്ഷെ അതിനു മുൻപ് ഞായറാഴ്ച്ച ആരാധന നടത്തുന്നതിനെ കുറിച്ച് ചിന്തിക്കാം എന്നു റേച്ചൽ പറഞ്ഞു. ആരാധനക്കു എന്തെല്ലാം വേണമെന്നു അവർ തിരുവചനത്തിൽ പരിശോധിച്ചു. പുളിപ്പില്ലാത്ത ഗോതമ്പപ്പം, മുന്തിരിച്ചാറ് എന്നിവ വേണം. ഗോതമ്പപ്പം ഉണ്ടാക്കുവാൻ പ്രയാസമില്ലെന്നു റേച്ചൽ പറഞ്ഞു. അപ്പോൾ പിന്നെ മുന്തിരിങ്ങാ വാങ്ങി ചാറെടുക്കുന്ന കാര്യവും എളുപ്പം. ബൈബിളിലെ ഒരു വേദഭാഗം എടുത്തു സംസാരിക്കുവാൻ ആൻഡ്രൂവും തയ്യാറായി. അങ്ങനെ പ്രാരംഭ ക്രിസ്ത്യാനികൾ ദൈവത്തെ ആരാധിച്ച രീതിയിൽ തന്നെ അവർ ആരാധിക്കാൻ ഒരുങ്ങി.

ആ രാത്രിയിൽ അവർ ഉറങ്ങാൻ കിടക്കുന്നതിനു മുൻപ് അവരുടെ വേണ്ടപ്പെട്ടവരുടെ പേരുകൾ ഓർമ്മിച്ചു അവരെ ആരാധനക്കു ക്ഷണിക്കുവാൻ തീരുമാനിച്ച് പ്രാർത്ഥിച്ചു. ബൈബിൾ ശരിയായി മനസിലാക്കുവാൻ ദൈവം അവർക്കു വേണ്ട ബുദ്ധിയും അറിവും പകരേണ്ടതിന്നു അവർ ദൈവത്തോടു അപേക്ഷിച്ചു. പാപം ക്ഷമിച്ചു കിട്ടിയ പുതിയ ബന്ധത്തിൽ അവർക്കു ദൈവത്തോടു കൂടുതൽ അടുപ്പം തോന്നി. വിലയേറിയ സത്യം അവരെ പഠിപ്പിച്ചതിനും പാപം മോചിച്ചു കൊടുത്തതിനും അവർ ദൈവത്തെ പുകഴ്ത്തി. നമ്മുടെ ഈ പ്രദേശത്തിനു മുഴുവൻ നാം ശരിയായ മാതൃക കാണിച്ചു കൊടുക്കണം എന്ന അഭിപ്രായത്തിൽ അവർ യോജിച്ചു. കുട്ടികൾക്കു വേണ്ടിയും അവർ പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞപ്പോൾ അവർക്കു രണ്ടുപേർക്കും എന്തെന്നില്ലാത്ത സന്തോഷം ഉണ്ടായി.

★

# ഒരു ക്രിസ്ത്യാനിയുടെ മൂന്നു ലക്ഷണങ്ങൾ

**നീൽ പൊളാർഡ്**

വളരെ താല്പര്യപൂർവ്വം എഴുതപ്പെട്ട യൂദയുടെ ലേഖനം ആരംഭിക്കുന്നതു തന്നെ നമ്മെ ചിന്തിപ്പിക്കുകയും ഉണർത്തുകയും ചെയ്തുകൊണ്ടാണ്: യേശുക്രിസ്തുവിന്റെ ദാസനും യാക്കോബിന്റെ സഹോദരനുമായ യൂദാ, പിതാവായ ദൈവത്തിൽ സ്നേഹിക്കപ്പെട്ടും യേശുക്രിസ്തുവിനായി സൂക്ഷിക്കപ്പെട്ടും ഇരിക്കുന്നവരായ വിളിക്കപ്പെട്ടവർക്കു എഴുതുന്നത്: നിങ്ങൾക്കു കരുണയും സമാധാനവും സ്നേഹവും വർദ്ധിക്കുമാറാകട്ടെ (യൂദാ 1,2). ക്രിസ്ത്യാനിയായിരുന്ന യൂദാ ദൈവ ജനത്തെ സംബോധന ചെയ്യുകയാണിവിടെ. മൂന്നു പദ പ്രയോഗങ്ങളാൽ അവൻ അവരെ വേർതിരിച്ചു കാണുന്നു. ദൈവത്തിൽ സ്നേഹിക്കപ്പെടുക എന്നത് അവർക്കു ലഭിക്കുന്ന ദൈവിക വിശുദ്ധീകരണത്തിന്റെ കാരണം തെളിയിക്കുന്നു. ക്രിസ്തുവിനായി സൂക്ഷിക്കുക എന്നതു അവർക്കു കിട്ടുന്ന സുരക്ഷിതത്വത്തെ ഉറപ്പിക്കുന്നു. വിളിക്കപ്പെടുക എന്നതു ഭാഗ്യകരമായ സ്ഥിതിയെ വെളിപ്പെടുത്തുന്നു. ഏതായാലും ക്രിസ്ത്യാനിത്വത്തിലെ ഈ മൂന്നു വസ്തുതകൾ എല്ലാവരും അറിഞ്ഞിരിക്കണം. അജ്ഞതകൊണ്ടു അവ നഷ്ടപ്പെടുവാനിടയാകരുത്.

**ക്ഷമിക്കപ്പെട്ടവനാണ്** ക്രിസ്ത്യാനി. തന്നെ അനുസരിക്കുന്നവരെ ദൈവം രക്ഷക്കായി വേർതിരിക്കുകയാണു ചെയ്യുന്നത് (എബ്രായർ 5:9). ക്രിസ്ത്യാനികളായിത്തീരാത്തവരെ ദൈവം കാണുന്നതു പാപത്തെയും നാശത്തെയും, നഷ്ടത്തെയുമാണ്. കാരണം രക്തത്താലുള്ള ഒരു മോചനം അവരുടെ അകൃത്യങ്ങൾക്കു കിട്ടുന്നില്ല (എബ്രായർ 9:22). എന്നാൽ ക്രിസ്ത്യാനികൾ അങ്ങനെയല്ല;

സ്നേഹവും രക്തത്താൽ പാപം കഴുകലും ലഭിച്ചവരാണ് (വെളിപ്പാട് 1:5). അവർ വെളിച്ചത്തിൽ നടക്കുന്നേടത്തോളം കാലം പുത്രന്റെ രക്തം അവരുടെ അതിക്രമങ്ങളെ ക്ഷമിക്കയും മറെയ്ക്കയും ചെയ്യുന്നു (1 യോഹന്നാൻ 1:7). വിശ്വസ്തരായ ക്രിസ്ത്യാനികളെ ദൈവം കാണുന്നതു ക്രിസ്തുവിന്റെ രക്തത്തിലൂടെയാണ്. കാരണം അവർ ക്ഷമിക്കപ്പെട്ടവരും വിശുദ്ധീകരിക്കപ്പെട്ടവരുമാണ്. വേർതിരിച്ച് വിശുദ്ധീകരിച്ചവർക്കാണ് സ്വർഗ്ഗീയമായ അവകാശമുള്ളത് (പ്രവൃത്തി 20:32). സ്നാനത്തിൽ ദൈവ വചനത്തിനു അവർ തങ്ങളെ കീഴ്പ്പെടുത്തിയതുകൊണ്ടു ദൈവം അവരെ രക്ഷിച്ചു (എഫെസ്യർ 5:26). ക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കുന്നവർക്കാണ് നിർജ്ജീവ പ്രവൃത്തികളിൽ നിന്നു മോചനം ഉള്ളത് (എബ്രായർ 9:13-14). ക്രിസ്തുവിൽ തുടർച്ചയായി വിശ്വസ്തരായി ജീവിക്കുന്നവർ എന്നേക്കും തികവുള്ളവരായി തീരുന്നു (എബ്രായർ 10:14). ശുദ്ധീകരണ ശക്തിയുള്ള രക്തത്തോടു സ്നാനത്താൽ ബന്ധപ്പെടുന്നവരെയാണ് കർത്താവ് വിശുദ്ധീകരിക്കുന്നത്, അവർക്കാണ് പാപക്ഷമാർപണം കിട്ടുന്നത്.

**സംരക്ഷിക്കപ്പെടുന്നവനാണ്** ക്രിസ്ത്യാനി. യൂദയുടെ ലേഖനത്തിൽ ക്രിസ്തുവിലായി തീർന്നവരെ ദൈവം കാത്തുകൊള്ളും എന്നാണ് പറഞ്ഞിട്ടുള്ളത്. വിശുദ്ധന്മാരുടെ പ്രാർത്ഥന ദൈവം കേൾക്കുന്നു. ഉപദ്രവങ്ങളിൽ നിന്നും ആപത്തിൽ നിന്നും സുരക്ഷിതമായി കാത്തുകൊള്ളണേ എന്ന് നാം എത്രവട്ടം പ്രാർത്ഥിച്ചിട്ടുണ്ട്? മക്കളുടെ ദൈനന്ദിന കാര്യങ്ങളിൽ ശ്രദ്ധയോടെ ഇടപെടുന്ന ദൈവമാണ് നമുക്കുള്ളത്. ദൈവത്തിന്റെ കാവലും തുണയും തന്റെ ഭക്തന്മാർക്കുണ്ടാകും. ദൈവം ആശ്വാസം നല്കുന്ന വാഗ്ദത്തങ്ങൾ മോശെ മുഖാന്തരം സംസാരിച്ചിട്ടുണ്ട്. ദൈവത്തിന്റെ നിത്യ ഭുജം നമുക്ക് എന്നും ശരണസ്ഥാനം തന്നെയാണ്. അപ്പോസ്ത

ലനായിരുന്ന പൌലൊസ് തെസലൊനിക്യയിലെ ക്രിസ്ത്യാനികളെ ആശ്വസിപ്പിക്കുന്നതു നോക്കുക. സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ. നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ (1 തെസലൊനിക്യർ 5:23). ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല എന്നു ദൈവം തന്നെ അരുളിച്ചെയ്തിരിക്കുന്നു (എബ്രായർ 13:6). ആകയാൽ കർത്താവു എനിക്കു തുണ; ഞാൻ പേടിക്കയില്ല. മനുഷ്യർ എന്നോടു എന്തു ചെയ്യും എന്നു നമുക്കു ധൈര്യത്തോടെ പറയാം. വിശ്വാസത്തിനും സത്യത്തിനും വേണ്ടി നിലകൊണ്ട അനേകം ക്രിസ്ത്യാനികൾ കഷ്ടം സഹിച്ചതു അതുകൊണ്ടാണ്: ദൈവത്തെ പ്രഥമ സ്ഥാനത്തു നിർത്തിയിരിക്കുന്നവർക്കും ദൈവത്തെ സ്നേഹിക്കുന്നവർക്കും സകലതും നന്മക്കായി ദൈവം പ്രവർത്തിക്കും എന്ന ഉറപ്പുണ്ട് (റോമർ 8:28).

**അപേക്ഷിക്കപ്പെട്ടവനാണ്** ക്രിസ്ത്യാനി. അവൻ വിളിക്കപ്പെട്ടവനാണ്. വിളിക്കപ്പെടുന്നവർ അനേകർ. എന്നാൽ തിരഞ്ഞെടുക്കപ്പെടുന്നവരോ ചുരുക്കം എന്നു കർത്താവു പറഞ്ഞിട്ടുണ്ട് (മത്തായി 22;14). ദൈവം തന്റെ സർവ്വ ശക്തിയാൽ മണ്ണിലെ പൊടിയിൽ നിന്നു മനുഷ്യനെ മെനയുന്നതിനു മുൻപു തന്നെ, മനുഷ്യർക്കു വേണ്ടി ഒരു കരുണാകരമായ രക്ഷാ പദ്ധതിയാൽ വീണ്ടെടുക്കുമെന്നു ദൈവം മുൻനിർണ്ണയിച്ചിരുന്നു. കാൽവരിയിൽ കൂടെ അവൻ തന്റെ കൃപ പ്രദർശിപ്പിച്ചു (തീത്തൊസ് 2:11). ക്രൂശിനാൽ സാദ്ധ്യമാക്കിയ ആ പദ്ധതി അനുസരിക്കുന്നവർ വിരളമായിരുന്നു (മത്തായി 7:13, 14). രക്ഷക്കു വേണ്ടിയുള്ള ദൈവ വിളി കേൾക്കുന്നവൻ മാത്രമല്ല ക്രിസ്ത്യാനി. തുടർന്നും വചനം മുഖാന്തരം പിന്നീടും ഉണ്ടാകുന്ന വിളിക്കു ഉത്തരം നല്കേ

☆

ണ്ടവനാണ്. ക്രിസ്ത്യാനികളെ വിശുദ്ധൻമാർ എന്നു വിളിച്ചിരുന്നു. ദൈവേഷ്ടം എല്ലാം നിറവേററുവാൻ അപേക്ഷിക്കപ്പെട്ടവനാണ് ക്രിസ്തുവിനെ അനുഗമിക്കുന്നവൻ (കൊലൊസ്യർ 3:17). ദൈവ ഭവനത്തിലെ അംഗമെന്ന നിലയിൽ അവന്റെ സേവനം, കടമ, നേട്ടം എന്നതാണ് അത്. ക്രിസ്ത്യാനികൾക്കു നിർവ്വഹിക്കേണ്ടതായ പ്രത്യേകമായ പങ്ക് എടുത്തു പറഞ്ഞിട്ടുണ്ട്. ഉദ്ദേശമുള്ള ജീവിതമാണ് ക്രിസ്ത്യാനിയുടേത്.

ക്രിസ്ത്യാനിയായി തീരുക എന്നതു മഹത്തായ ഭാഗ്യമാണ്. യഥാർത്ഥ ക്രിസ്ത്യാനിയുടെ കാര്യമാണ് ഞാൻ പറയുന്നത്. അതു സ്ത്രീയായാലും പുരുഷനായാലും അങ്ങിനെ തന്നെ. ധന്യമായ നിക്ഷേപങ്ങൾ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. സ്വർഗ്ഗീയവും ആത്മീയവുമായ നൻമകൾ അവർക്കായി ദൈവം വെച്ചിരിക്കുന്നു. രക്ഷിക്കപ്പെടുന്നവർക്കും സഭയിലുള്ളവർക്കുമാണ് ഈ അനുഗ്രഹങ്ങൾ എന്നോർക്കുക (എഫെസ്യർ 1:3). ക്രിസ്ത്യാനികൾ ആയി തീർന്നവർക്കാണ് വിശുദ്ധീകരണവും നീതീകരണവും ഉള്ളത്. ദൈവം വിളിച്ച വിളിക്കു യോഗ്യമായി നടക്കുന്നവരായതുകൊണ്ട് ദൈവം അവരെ കാത്തു സൂക്ഷിക്കും. എവിടെ നിന്നു വന്നു എന്നും വന്ന ഉദ്ദേശമെന്തെന്നും തിരിച്ചറിഞ്ഞു വേണം ജീവിക്കുവാൻ. ഭൗതിക ലക്ഷ്യത്തേക്കാളുപരി സ്വർഗ്ഗീയമായ ലക്ഷ്യമായിരിക്കണം മുന്നിൽ. മർത്യ ശരീരം താല്ക്കാലികമാണെന്നറിഞ്ഞ് അമർത്യമായ ആത്മാവിന്റെ വീണ്ടെടുപ്പിനായി ശരീരത്തെ നിലനിർത്തുക. സങ്കീർത്തനക്കാരൻ രേഖപ്പെടുത്തിയിരിക്കുന്നതു: യഹോവെക്കു സ്തോത്രം ചെയ്‌വിൻ; അവൻ നല്ലവനല്ലൊ അവന്റെ ദയ എന്നേക്കുമുള്ളത്. യഹോവ വൈരിയുടെ കയ്യിൽ നിന്നു വീണ്ടെടുക്കയും, കിഴക്കും പടിഞ്ഞാറും വടക്കും കടലിലും ഉള്ള ദേശങ്ങളിൽ നിന്നു കൂട്ടിച്ചേർക്കുകയും ചെയ്തവരായ അവന്റെ വിമുക്തന്മാർ അങ്ങനെ പറയട്ടെ (സങ്കീർത്തനങ്ങൾ 107:1-3)

★

# ക്രോധം

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

കള്ളത്തുലാസു വെറുപ്പുള്ളകാര്യമേ,
പ്രസാദമുള്ളതു ഒത്തപടിയാണഹോ.
അഹങ്കാരമാനസൻ ലജ്ജവരുത്തുന്നു,
താഴ്മയും ജ്ഞാനവും ഒത്തിണങ്ങീടുമേ.

നേരിൽനടപ്പവൻ കളങ്കമില്ലാത്തവൻ,
ദ്രോഹികൾകൂട്ടമോ വട്ടംപറക്കുന്നു.
സമ്പത്തുതന്നെയും ക്രോധത്തിലില്ലെന്നു,
വേദമുരയ്ക്കുന്നു നല്ലപോൽചിന്തിക്ക.

ചൊവ്വുള്ളപാതയോ കളങ്കമില്ലാത്തതേ,
ദുഷ്ടന്റെദുഷ്ടത തന്നെതകർക്കുമേ.
നേർവഴി ഒന്നുണ്ടു ചൊവ്വുള്ളപാതയേ;
ദ്രോഹംനിനക്കുകിൽ അതുതന്നെ കിട്ടുമേ.

നല്ലവിലയുള്ള ലേഖനവാക്യങ്ങൾ,
നന്നായ് അറിയാൻ വഴിയെന്തുകൂട്ടരേ.
വായിക്കുനന്നായി ബൈബിളിൻ ട്രൂത്തിനെ,
ഒന്നങ്ങുസ്വന്തമതാക്കുയെൻ മാനസ്സേ.

★

# വിത്തിൻെറ തത്വം

## ബോബ് ഡങ്കൻ

പൊതുവിൽ സുപരിചിതമായ വസ്തുതകളെ കാണിച്ചുകൊണ്ടു യേശു പല പാഠങ്ങളും മനുഷ്യരെ പഠിപ്പിച്ചിട്ടുണ്ട്. ആത്മീയ സത്യം ഗ്രഹിപ്പിക്കുവാൻ ആയിരുന്നു കർത്താവ് അങ്ങനെ ചെയ്തത്. ഒരിക്കൽ അവൻ വിതെക്കുന്നവൻെറ ഉപമ പഠിപ്പിക്കയുണ്ടായി. വിതെക്കുന്നവൻ വിത്തു വിതെപ്പാൻ പുറപ്പെട്ടു. അവൻ വയലിൽ വിത്തു വിതെച്ചു. ചിലതു വഴിയരികെ വീണു. മററു ചിലവ ഏറെ മണ്ണില്ലാത്ത പാറപ്പുറത്തു വീണു. ചിലതു നല്ല മണ്ണിൽ വീണു. ഇതെന്താണെന്നു വിവരിച്ചുകൊണ്ട് അവൻ പറഞ്ഞു, ഉപമയുടെ പൊരുളോ വിത്തു ദൈവ വചനം (ലൂക്കൊസ് 8:11). നാമധേയ വിഭാഗമല്ലാത്ത സഭയുടെ സ്വഭാവം മനസിലാക്കുവാൻ വിത്തിൻെറ തത്വം സഹായിക്കും. ദൈവ വചനമാകുന്ന വിത്ത് വിതെക്കുകയും തൽഫലമായി അതു മുളച്ചു വളർന്നു ഫലം കായ്ക്കുന്ന അവയവങ്ങളായിരിക്കും അതിൻെറ അംഗങ്ങൾ. ദൈവ വ്യവസ്ഥ ഇതാണ്.

ഉദാഹരണമായി പ്രാരംഭ സഭയായിരുന്ന യെരുശലേമിലെ ക്രിസ്തുവിൻെറ സഭ ഫലം പുറപ്പെടുവിച്ചിരിക്കുന്നു. അവർ സുവിശേഷം അനുസരിച്ച നാൾ മുതൽ അഥവാ സഭയുടെ സ്ഥാപനം മുതൽ അവർ കൈക്കൊണ്ട വചനം അറിയാത്തവരെ അറിയിച്ചുകൊണ്ടിരുന്നു. യെഹൂദ്യയിലും ശമര്യയിലും ഭൂമിയുടെ അററത്തോളം അവർ ക്രിസ്തുവിൻെറ സാക്ഷികളായി തീർന്നു (പ്രവൃത്തി 1:8). സുവിശേഷം കേട്ട് ദൈവ വചനം അനുസരിച്ചവർ ക്രിസ്ത്യാനികളായി തീർന്നു. ദൈവ വചനം പ്രസംഗിച്ചതിൻെറ ഫലമായി സഭ ഓരോ പ്രദേശത്തും ആരംഭിക്കയുണ്ടായി. അതു ക്രിസ്തുവിൻെറ സഭയായി നിലകൊണ്ടു. സഭയിലെ ആളുകൾ ക്രിസ്ത്യാനികൾ എന്ന പേരി

ലും അറിയപ്പെട്ടിരുന്നു. നൂറു് കണക്കിനു് വർഷങ്ങളോളം ഒരു നാമധേയ വിഭാഗവും ഉടലെടുത്തിരുന്നില്ല. കാരണം ആളുകൾ ദൈവ വചനത്തിൽ കൂട്ടുചേർക്കുവാൻ ധൈര്യപ്പെട്ടില്ല. അവർ വചനത്തിനു് കീഴ്പ്പെട്ടു ജീവിച്ചിരുന്നു. സത്യ വചനം മായം കലർത്താതെ പ്രസംഗിച്ചാൽ അതിന്റെ ഫലമായി രൂപപ്പെടുന്ന സഭ ക്രിസ്തുവിന്റേതു തന്നെ ആയിരിക്കും; നാമധേയ വിഭാഗമായിരിക്കയില്ല.

വിത്തിന്റെ തത്വമാണ് ഇതു സത്യമാണെന്നു എനിക്കു ബോധ്യമാക്കി തന്നതു. ഒരു വിത്ത് വിതെച്ചാൽ അതിൽ നിന്നു കിട്ടുന്ന ഫലം അതിന്റേതായിരിക്കും. ഫലമെല്ലാം ഒന്നു തന്നെയായിരിക്കും. നെല്ല് വിതെച്ചാൽ നെല്ലു തന്നെയായിരിക്കും കൊയ്യുക. തേങ്ങയുടെ വിത്തു പാകിയാൽ മുളച്ചു വരുന്ന ചെടി വൃക്ഷമായി തീരും. അതൊരിക്കലും ചക്ക തരികയില്ല. തേങ്ങ മാത്രമാണ് തരുന്നത്. അതു ഏതു സ്ഥലത്തു കൊണ്ടുപോയി ചെയ്താലും ഏതു കാലാവസ്ഥയിലായാലും വാസ്തവമാണ് യെരുശലേമിൽ വിതെച്ചതായ അതേ വിത്ത് ഇന്ത്യയിൽ വിതെച്ചാൽ കിട്ടുന്ന ഫലം ഒന്നു തന്നെയായിരിക്കും. അന്ന് അവിടെ വിതെച്ചതായ ദൈവ വചനം ആണ് ഇന്നു ഇന്ത്യയിൽ വിതെക്കുന്നതെങ്കിൽ ഫലം ക്രിസ്ത്യാനികളും ക്രിസ്തുവിന്റെ സഭകളും ആയിരിക്കും. മറിച്ച് ചിന്തിക്കാൻ സാദ്ധ്യമല്ല. വിത്തിന്റെ സ്വഭാവം അതു തന്നെയാണ്. നമ്മുടെ കർത്താവു തന്നെ പറഞ്ഞിരിക്കുന്നു വിത്തു ദൈവ വചനമാണെന്ന്. കേൾക്കുന്നവരും അനുസരിക്കുന്നവരും അങ്ങനെ ഫലം പുറപ്പെടുവിച്ചുകൊണ്ടേയിരിക്കും.

ദൈവ രാജ്യത്തിന്റെ വിത്താണ് ദൈവ വചനം. ദൈവത്തിന്റെ സഭയാണ് അവന്റെ രാജ്യം. ക്രിസ്തുവിന്റെ സഭയിലുള്ളവർ നാമധേയ വിഭാഗമാണെന്നു തെററിദ്ധരിച്ചിരിക്കുന്നവർ ഉണ്ട്. അതു സഭയും നാമധേയ വി

ഭാഗവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാത്തവരാണ്. വിത്തിൽ നിന്നു അഥവാ ഫലത്തിൽ നിന്നും വൃക്ഷത്തെ തിരിച്ചറിയാം. അവർ എങ്ങനെ ക്രിസ്തുവിൻെറ സഭയിലായി തീർന്നു എന്നു പരിശോധിക്കുക. അവർ എന്താണ് പ്രസംഗിക്കുന്നതെന്ന് നോക്കുക. അവരുടെ പ്രസംഗം കേൾക്കുന്നവരും വിശ്വസിക്കുന്നവരും അനുസരിച്ചശേഷം ആരായി തീരുന്നു എന്നു പരിശോധിക്കുക. ദൈവ വചനത്തിൽ നിന്നു ഇടത്തോട്ടോ വലത്തോട്ടോ തിരിഞ്ഞു പോകുന്നവരാണ് നാമധേയ വിഭാഗങ്ങളായി അറിയപ്പെടുന്നവർ. ക്രിസ്തുവിൻെറ സഭയിലുള്ളവർക്ക് നാമധേയ വിഭാഗം ആകുവാൻ കഴിയുകയില്ല. കാരണം അവരിലുള്ള വിത്ത് ദൈവ വചനമാണ്. നാമധേയ വിഭാഗങ്ങൾ അവരിലുള്ള വിത്തിൻെറ ഫലമാണ് പുറപ്പെടുവിക്കുന്നതു. അതുകൊണ്ട് അവർ എവിടെ പോയാലും നാമധേയ വിഭാഗമായി തന്നെ അറിയപ്പെടും. കൃത്യമായി ദൈവത്തെ മാത്രം പ്രസാദിപ്പിക്കുന്നവരായിരിക്കണം മനുഷ്യർ എല്ലാവരും. സംശയരഹിതമായ വിശ്വാസമാണതിന് ആവശ്യം.

ഏതെരു നാമധേയ വിഭാഗത്തിലുള്ളവരോടായാലും ശരി അവർ അതിൽ അംഗമായതെങ്ങനെ എന്നു ചോദിച്ചാൽ കിട്ടുന്ന ഉത്തരം വ്യത്യസ്ഥമായിരിക്കും. പുതിയ നിയമത്തിൽ പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ ആയിരിക്കും അവർക്കു പറയാനുള്ളത്. ഒന്നുകിൽ പാരമ്പര്യമായി അതിൽ ജനിച്ചു വളർന്നുവെന്നോ അല്ലെങ്കിൻ കമ്മിററിക്കു അപേക്ഷ കൊടുത്തു പാസാക്കിയെടുത്തു എന്നു തുടങ്ങിയ ഉത്തരങ്ങൾ ആണ് നമുക്ക് കിട്ടുന്നത്. അതിൽ അവർ തൃപ്തരായി പോകുകയും ചെയ്യുന്നു. അജ്ഞരായിരിക്കുന്ന ഈ ജനത്തോടു സത്യം പറഞ്ഞാലും അവർ അതിനെ ഗൗരവത്തോടെ കാണുകയില്ല.

(ശേഷം അടുത്ത ലക്കത്തിൽ)

★

# നല്ല തിരഞ്ഞെടുപ്പാണ് ക്ഷമാപണം

**ലേവി സൈഡസ്**

തിരുവെഴുത്തുകൾ ഉൾക്കാഴ്ച്ച നല്കുന്ന സത്യം നിറഞ്ഞവയാണല്ലൊ. പാപ മോചനവും ദൈവികമായ ഉപദേശമാണ്. നിങ്ങൾ തമ്മിൽ ദയയും മനസലിവും ഉള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു കല്പിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ (എഫെസ്യർ 4:32). വചനം പഠിപ്പിക്കുന്നതെന്താണെന്നു എനിക്ക് നന്നായറിയാമെങ്കിലും അങ്ങനെ ചെയ്യുവാൻ പ്രയാസം നേരിടാറുണ്ട്. തിരഞ്ഞെടുപ്പിൻെറ കാര്യത്തിൽ തെററായ പെരുമാററത്തിനു ഏററവും നല്ല പ്രതിവിധി ദൈവിക പരിഹാരമാണ്. എന്നാൽ എൻെറ തിരഞ്ഞെടുപ്പ് എന്തെല്ലാമാണെന്നു ചോദിച്ചേക്കാം. മൂന്നായി അവയെ തരം തിരിച്ചു നോക്കിയാൽ ഏററവും നല്ലതു ഏതെന്നു മനസിലാകും.

1 **നിഷേധിക്കുക**. അങ്ങനെ സംഭവിച്ചിട്ടില്ല എന്ന വിധത്തിൽ നടിക്കുക. അത് ഒതുക്കിവെച്ച് അഥവാ മൂടിവെച്ച് മറക്കാൻ ശ്രമിക്കുന്നു. ഇതു ഗൗരവമായ അപകടം നിറഞ്ഞതാണെന്നു പറയാം. മന:ശാസ്ത്രപരമായി ഇതു അസാദ്ധ്യമാണെന്നു തീർത്തു പറയാം. അത്ര എളുപ്പത്തിൽ അങ്ങനെ അതു വിട്ടുകളയാൻ കഴിയുകയില്ല. അപ്രായോഗികമായ ഒന്നു നാം ചെയ്യുന്നതു പാഴ്‌വേലയാണ്.

2. **പ്രതികാരത്തിനു പോകുക**. തിരുവെഴുത്തുകൾ നമ്മെ മുന്നറിയിക്കുന്നതു അവഗണിക്കരുത്. ആർക്കും തിന്മെക്കു പകരം തിന്മ പ്രവർത്തിക്കരുത് (റോമർ 12:17). സ്വയം പരാജയപ്പെടുത്തുന്ന ഒന്നാണ് പ്രതികാരം. അതിൻെറ അനന്തര ഫലം അനുഭവിക്കുന്നതു പലതാ

യിരിക്കും. കുടുംബങ്ങൾ അതു മൂലം വളരെ വിഷമം അനുഭവിക്കേണ്ടിവരും. കൂടാതെ പ്രതികാരം ഒന്നിൽ നിന്നു മററൊന്നായി വർദ്ധിച്ചു വരും. അതു സങ്കീർണ്ണമായ പ്രശ്നങ്ങളിലേക്കു ചെന്നു വീഴും. അന്ത്യം വിചാരിക്കുന്നതുപോലെ ആകുകയില്ല. കാരണം പ്രതികാരം ദൈവേഷ്ടമല്ല. ദൈവ നിയമം ലംഘിച്ചാൽ അനുഭവിക്കേണ്ടിവരുന്ന ശിക്ഷ വലുതാണ്.

3. **ക്ഷമിക്കുക** നമ്മോടു ക്ഷമിക്കുവാൻ പറഞ്ഞ കർത്താവിനു നന്നായി അറിയാം നമുക്ക് എന്താണ് നല്ലതെന്നു. യേശുക്രിസ്തു പറയുന്നതു: ദുഷ്ടനോടു എതിർക്കരുത്; നിന്നെ വലത്തെ ചെകിട്ടത്തു അടിക്കുന്നവനു മററതും തിരിച്ചു കാണിക്ക. നിന്നോടു വ്യവഹരിച്ചു തന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവന്നു നിന്റെ പുതപ്പും വിട്ടുകൊടുക്ക (മത്തായി 5:39-40). നിങ്ങളെ ഉപദ്രവിച്ചവരോടു ക്ഷമിക്കാതിരുന്നാൽ അവരെക്കൊണ്ടു നിങ്ങൾ കൂടുതൽ തെററു ചെയ്യിക്കയാണ് ചെയ്യുന്നത്. നാം ക്ഷമിക്കുവാൻ തയ്യാറാകുന്നതുവരെ ആവ്രണം ഉണങ്ങാതിരിക്കും. ഉപദ്രവം, തെററായ പെരുമാററം എന്നിവ നിർത്തുവാനും മുറിവ് ഉണങ്ങുവാനും നാം ക്ഷമിക്കുക തന്നെ വേണം. ക്ഷമ, മനസിനും ആത്മാവിനും ശരീരത്തിനും വളരെ ഗുണം ചെയ്യും.

ഈ മൂന്നു വിധത്തിൽ നിങ്ങൾ നിങ്ങളുടെ ഇഛാനുസരണമുള്ള തിരഞ്ഞെടുപ്പിനെ വിലയിരുത്തി നോക്കിയാൽ ഈ മൂന്നിൽ പ്രായോഗികവും, ദൈവ സന്നിധിയിൽ സ്വീകാര്യവുമായ ഏററവും നല്ല തിരഞ്ഞെടുപ്പാണ് ക്ഷമാപണം. ഉപകാരപ്രദമായ ഈ സ്വഭാവത്തെയും അതിന്റെ ഫലത്തെയും ഭൂരിഭാഗം പേരും തള്ളിക്കളഞ്ഞിരിക്കയാണ്. പരിശീലിച്ചു നോക്കിയാലെ അതിന്റെ മേന്മ അനുഭവിക്കാൻ പററൂ.

എങ്ങനെ ക്ഷമിക്കാൻ കഴിയും എന്ന ചോദ്യത്തിനുള്ള ഉത്തരം നോക്കുക. എപ്പോഴും ക്ഷമിക്കുക എന്നതു എളു

പ്പമല്ല എന്നതു വാസ്തവമാണ്. എന്നാൽ അതിനു മൂന്നു നിർദ്ദേശങ്ങൾ നല്കുന്നു. അതു പ്രയോജനപ്പെടുത്തുക.

ഒരു വ്യക്തിയോടോ അല്ലെങ്കിൽ ഒരു സമൂഹത്തോടോ ഉള്ള കാഴ്ച്ചപ്പാടിൽ വ്യത്യാസം വരണം. അതിനു ചിന്തയിൽ വേണ്ട വ്യത്യാസം വരുത്തണം. വിചാരം പുതുക്കണമെന്നർത്ഥം. ആദ്യം നിങ്ങളുടെ ഉള്ളിൽ നിങ്ങളെ വേദനിപ്പിച്ച പുരുഷനോടോ സ്ത്രീയോടോ ഉള്ള വെറുപ്പിന്റെ ചിത്രം മാററണം. അതിനായി അവരുടെ നല്ല ഗുണങ്ങളെ കുറിച്ചു ചിന്തിക്കുക. ഇതുവരെയും നിങ്ങൾ പരിഗണിക്കാതെ വിട്ടു കളഞ്ഞിട്ടുള്ള അവരുടെ നല്ല പ്രവൃത്തികൾ എന്തെല്ലാമെന്ന് ഓർക്കുക, അവരുടെ സാഹചര്യങ്ങൾ ഒരു പക്ഷെ നിങ്ങൾ അറിഞ്ഞിട്ടില്ലായിരിക്കും. അവർ മാനസികമായി സംഘർഷം അനുഭവപ്പെട്ടിരുന്ന സമയം ആകാം. ഒരുപക്ഷെ അവർ അറിഞ്ഞുകൊണ്ടായിരിക്കയില്ല അങ്ങനെ സംഭവിച്ചത്. അല്ലെങ്കിൽ നിങ്ങളെ മററാരെങ്കിലും തെററിദ്ധരിപ്പിച്ചതാകാം. അതറിയണമെങ്കിൽ ആ വ്യക്തിയുമായി നിങ്ങൾ സംസാരിക്കണം. പരസ്പരം തുറന്ന മനസോടെ സംസാരിക്കയും കാര്യങ്ങൾ വിവേചിച്ച് മനസിലാക്കുകയും വേണം.

നിങ്ങൾ വ്യത്യസ്ഥമായി ചിന്തിച്ചാൽ കാര്യങ്ങൾ തോന്നുന്നതു വിചിത്രമായിട്ടായിരിക്കും. നാം മനസിൽ കണക്കു കൂട്ടുന്നതനുസരിച്ചാണല്ലോ പ്രവർത്തിക്കുന്നത്. അത്തരം തോന്നലുകൾ നമ്മിൽ വെറുപ്പുണ്ടാക്കും. നാം വിചാരിച്ചതുപോലെയല്ല കാര്യങ്ങൾ എന്ന തോന്നലാണ് നാം അവരെ വെറുക്കുന്നതിനു കാരണമാകുന്നത്. വെറുപ്പ് പ്രതിവിധിയോ പരിഹാരമോ അല്ല. രോഗിയെ രോഗിയായി കാണാൻ നമുക്ക് കഴിയണം. അയാളുടെ ബലഹീനാവസ്ഥയെ നാം തിരിച്ചറിയണം. ഞാൻ എന്നെ മനസിലാക്കണം. തെററ് ആർക്കും സംഭവിക്കാം. അതിനു പല കാരണങ്ങളും കണ്ടേക്കാം. നാം യാഥാർത്ഥ്യം എ

ന്തെന്നു മനസിലാക്കാൻ ശ്രമിക്കാതിരിക്കുന്നതു നമുക്കു തന്നെ ദോഷം വരുത്തി വെയ്ക്കും.

പകരം വീട്ടൽ ഉപേക്ഷിക്കണം. അതൊരു അവകാശമല്ല എന്ന ചിന്തയിലേക്കു വരണം. ചെയ്തതു ചെയ്തു കഴിഞ്ഞു. അതു പൂർവ്വ സ്ഥിതിയിലാക്കാൻ സാദ്ധ്യമല്ല. പറഞ്ഞതു പറഞ്ഞുപോയി എന്നു കരുതണം. നാം പകരം ചോദിച്ചാൽ ദൈവം ഒരിക്കലും ചോദിക്കയില്ല. ദൈവത്തിനു പ്രവർത്തിക്കുവാനുള്ള അവസരം നാം തടയരുത്. ഈ കാര്യത്തിൽ നമുക്ക് നോക്കുവാനുള്ളതു ക്രിസ്തുവിനെയാണ്. അവന്റെ ജീവിതത്തിൽ ഇത്തരം സംഭവങ്ങളെ അവൻ എങ്ങനെ നേരിട്ടു എന്നു നോക്കണം. എത്രത്തോളം ക്ഷമിക്കണം എന്നും എങ്ങനെ ക്ഷമിക്കണമെന്നും ഓരോ സംഭവത്തിലൂടെ നമുക്കു കാണിച്ചു തന്നു. പുതിയ നിയമ താളുകളിലെ സുവിശേഷ പുസ്തകങ്ങൾ വായിക്കുക. കർത്താവിന്റെ ജീവ ചരിത്രത്തിൽ നേരിട്ട വേദനാജനകമായ സാഹചര്യത്തിൽ സമചിത്തനായി, സൗമ്യതപൂണ്ട് ദൈവത്തോട് അവർക്കായി അപേക്ഷിച്ചിരിക്കുന്നു ഇവർ ചെയ്യുന്നത് എന്തെന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ എന്നായിരുന്നു യേശുവിന്റെ പ്രാർത്ഥന.

ക്ഷമാശീലം പ്രാവർത്തികമാക്കാൻ നിങ്ങൾക്കു താല്പര്യമുണ്ടോ ? ഉണ്ടെങ്കിൽ നിങ്ങളെത്തന്നെ ദൈവേഷ്ടത്തിനായി സമർപ്പിക്കുക. ദൈവ വചനപ്രകാരം ജീവിക്കാൻ തീരുമാനിക്കുക. തുടർന്നു ദൈവ കല്പനകൾ അനുസരിക്കണം. പുതിയ നിയമത്തിൽ പറഞ്ഞിട്ടുള്ള ഉപാധികൾ പാലിച്ച് ജീവിച്ചാൽ അതിന്റെ ഫലം നിത്യവും സന്തോഷ പ്രദവുമായിരിക്കും.

★

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

**ENGLISH** - The Voice of Truth - Speakers: **Reggi Gnanasundaram** and **J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI** - Satya Susamachar-Speaker. **Sunny David.**
All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU** - The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL** - "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM** - The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA** - The Voice of Truth - **Speaker : Robert Rathnakar**.- Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ
Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services and Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From
**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To